# പകൽവെളിച്ചത്തിലെ ദേവസ്വം കൊള്ള
# മെയ് 27 ന് ഭക്തജനധർണ്ണ

*കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ പ്രഖ്യാപിച്ച കർശനവിലക്കുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ക്ഷേത്രങ്ങൾ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയാണ് നേരിടുന്നത്. ദേവീദേവ വിഗ്രഹങ്ങൾക്ക് ചാർത്താനുള്ള മാലയും, ദീപം തെളിയിക്കാനുള്ള എണ്ണയും, നിത്യനിതാനത്തിനുള്ള നേദ്യം കഴിക്കാൻ പോലും വകയില്ലാത്തവരായി സ്വകാര്യക്ഷേത്രങ്ങളും, ദേവസ്വം ബോർഡിലെ വരുമാനമില്ലാത്ത ക്ഷേത്രങ്ങളും മാറി. ഭക്തജനസമർപ്പണവും, സംഭാവനയും, വഴിപാടുകളും, കാണിക്കയും കൊണ്ടാണ് പല ക്ഷേത്രങ്ങളും നിലനിന്നിരുന്നത്. ക്ഷേത്രം മേൽശാന്തി, കഴകം, കീഴ്ശാന്തിക്കാർ, ജീവനക്കാർ എന്നിവർക്ക് ഉപജീവനത്തിനുള്ള ശമ്പളം നൽകാനും, ദേവസ്വം ക്ഷേത്രങ്ങളിലെ പെൻഷൻ ജീവനക്കാർക്ക് പെൻഷൻ നൽകാനും കഴിയുന്നില്ല എന്ന് ദേവസ്വം ബോർഡും വ്യക്തമാക്കിയിരിക്കുന്നു. ഇതിലും ദയനീയമാണ് സ്വകാര്യക്ഷേത്രങ്ങളുടെ സ്ഥിതിയും. സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ ഉചിതമായ വഴികൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്വീകരിക്കുന്നില്ല. എന്നു മാത്രമല്ല വിവിധമാർഗ്ഗങ്ങളിലൂടെ ദേവസ്വം ബോർഡിന് ലഭിക്കേണ്ടുന്ന ഫണ്ടുകൾ വാങ്ങിയെടുക്കുന്നതിൽ ഗുരുതരമായ വീഴ്ചയാണ് വരുത്തിയത്. സംസ്ഥാനത്ത് സ്വചരമായി മുന്നോട്ടുപോയിരുന്ന ദേവസ്വം ക്ഷേത്രങ്ങളിൽ വരുമാനം കുറയാൻ ആദ്യകാരണം സർക്കാരിന്റെയും, ദേവസ്വം ബോർഡുകളുടെയും ആചാരലംഘനനടപടിയായിരുന്നു. കഴിഞ്ഞ വർഷങ്ങളിൽ ഗണ്യമായ നിലയിൽ കാണിക്ക വരുമാനം കുറഞ്ഞു. പിന്നീട് വന്ന പ്രളയവും, അനുബന്ധസാഹചര്യങ്ങളും കോടികളുടെ നാശനഷ്ടവും വരുമാനനഷ്ടവും വരുത്താൻ കാരണമായി. പ്രളയസഹായമായി 100 കോടി രൂപ സർക്കാർ പ്രഖ്യാപിച്ചെങ്കിലും 30 കോടി രൂപമാത്രമാണ് ദേവസ്വം ബോർഡിന് നൽകിയത്. ബാക്കി 70 കോടി രൂപ ആവശ്യപ്പെട്ട് ദേവസ്വം ചട്ടപ്പടി കത്ത് നൽകിയെങ്കിലും ഇന്നേവരെ അനുവദിച്ചിട്ടില്ല. ഭരണകക്ഷി ഔദാര്യത്തിൽ ദേവസ്വം ബോർഡ് ചുമതലക്കാരായി വന്നവർ സർക്കാരിൽ നിന്ന് ധനസഹായം വാങ്ങിയെടുക്കുന്നതിനായി യാതൊരു സമ്മർദ്ദവും ചെലുത്താൻ തയ്യാറായില്ല.*

*സംസ്ഥാനത്ത് കോടിക്കണക്കിന് രൂപ ആദായം ലഭിക്കുന്ന ദേവസ്വം ഭൂമികൾ കയ്യേറ്റക്കാരുടെ കൈകളിലാണ്. 20,000 ഏക്കറിൽ അധികം ഭൂമികൾ ദേവസ്വത്തിന് തിരുവിതാംകൂറിൽ മാത്രം അന്യാധീനപ്പെട്ടു. തിരിച്ചുപിടിക്കാൻ സ്പെഷ്യൽ തഹസിൽദാരിനെ നിശ്ചയിച്ചെങ്കിലും, സഹായകരമായ നിലപാടുകൾ സർക്കാരിന്റെ റവന്യു, പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായില്ല. മൂന്നാർ മാതൃകയിൽ ദേവസ്വം ലാന്റ് ട്രൈബ്യൂണൽ രൂപീകരിക്കുമെന്ന ഉറപ്പും പാഴായി. ദേവസ്വം*

ഷോപ്പിംഗ് കോംപ്ലക്സുകളിലും കെട്ടിടങ്ങളിൽനിന്നും 17 കോടി രൂപ പിരിഞ്ഞ കിട്ടാനുണ്ട്. 20 വർഷമായി വാടകയ്ക്കെടുത്ത് വ്യാപാരം നടത്തുന്നവർ കാലാനുസൃതമായി വാടക വർദ്ധിപ്പിച്ചു നൽകാനോ, വാടക തന്നെ നൽകാനോ തയ്യാറാകുന്നില്ല.

1811 ൽ കേണൽ മൺട്രോയും, ഭൂപരിഷ്കരണ നടപടികളിലൂടെ കേരള സർക്കാരും ഏറ്റെടുത്ത ദേവസ്വം ഭൂമികളിലെ ആദായത്തിന്റെ പലിശയിനത്തിൽ നഷ്ട പരിഹാരമായി നൽകേണ്ട വർഷാശനം (ആന്വിറ്റി) സർക്കാർ നൽകുന്നത് തുഛമായ തുകയാണ്. 20 ലക്ഷം രൂപ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനും, 80 ലക്ഷം രൂപ തിരുവിതാംകൂർ ദേവസ്വം ബോർഡിനും നൽകിവരുന്നുണ്ട്. രൂപയുടെ മൂല്യത്തിനും, ആദായങ്ങളുടെ വിലവർദ്ധനവിന്റെയും അടിസ്ഥാനത്തിൽ 100 ഇരട്ടി വർദ്ധനവ് ആന്വിറ്റിയിൽ വരുത്തേണ്ടതാണ്.

(1925 ൽ സ്വർണ്ണത്തിന് വില ഗ്രാമിന് 18 രൂപ ആയിരുന്നെങ്കിൽ 2020 മെയ് 20 ന് ഗ്രാമിന് 4300 ലധികം രൂപയാണ്) വർഷംതോറും നൽകി വരുന്ന ആന്വിറ്റി വർദ്ധിപ്പിച്ച് നൽകണമെന്ന ആവശ്യം ഉന്നയിക്കാൻ ദേവസ്വം ബോർഡും തയ്യാറാകുന്നില്ല. സർക്കാർ നൽകിവരുന്ന തുക ഔദാര്യമാണെന്ന് ഇവർ മൗനത്തിലൂടെ ശരിവച്ച് ഭക്തരെ കബളിപ്പിക്കുകയാണ്. സ്വയംഭരണാവകാശം ഉള്ള ഭരണഘടനാപരമായി എല്ലാ അവകാശവുമുള്ള സർക്കാരിന്റെ നേരിട്ട് നിയന്ത്രണം ബാധകമല്ലാത്ത ദേവസ്വം ബോർഡ് സർക്കാരിന് വേണ്ടിവിടുപണി ചെയ്യുകയാണ്. ഇതിന് കാരണം നിയമനം നൽകിയ സർക്കാരിനോടുള്ള കൃതാർദ്ധതയാണ്.

അടച്ചുപൂട്ടൽമൂലം രാജ്യത്ത് ഉണ്ടായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ വിവിധ പാക്കേജുകൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. രാജ്യത്തെ സകലമാന മേഖലകളിലും പ്രതിസന്ധി പരിഹരിക്കാൻ നടപടികൾ കൈക്കൊള്ളുമ്പോൾ സംസ്ഥാനത്തെ ദേവസ്വം ബോർഡുകളേയും, ആരാധനാലയങ്ങളേയും പ്രതിസന്ധിയിൽ നിന്ന് കരകയറ്റാൻ നടപടി സ്വീകരിക്കേണ്ടതാണ്. എന്നാൽ പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുന്നതിൽ സർക്കാരുകൾക്കുള്ള അമാന്തത്തിന് കാരണമെന്തെന്ന് സംസ്ഥാന സർക്കാർ പ്രഖ്യാപിക്കാനും തയ്യാറാകുന്നില്ല. സാമ്പത്തിക പ്രതിസന്ധി അതിരൂക്ഷമായി തുടരുന്ന ഈ കാലഘട്ടത്തിലും കാരണവൻമാർ പറയാറുള്ള പഴമൊഴി കടമെടുത്താൽ വിത്ത് എടുത്ത് ഉണ്ണുന്ന നിലപാടാണ് ദേവസ്വം ബോർഡ് സ്വീകരിക്കുന്നത്. പുരയ്ക്ക് തീപിടിക്കുമ്പോൾ കഴുക്കോൽ ഊരുക എന്ന പഴമൊഴിയെ യാഥാർത്ഥ്യമാക്കുകയാണ് നിരീശ്വരവാദ സർക്കാരാൽ നിയമിതരായ ക്ഷേത്ര വിശ്വാസികളല്ലാത്ത ദേവസ്വം ഭരണാധികാരികൾ. അതിനായി ലോക്ഡൗൺ കാലഘട്ടത്തിൽ നിരവധി ഉത്തരവുകളാണ് ഇറക്കിയിട്ടുള്ളത്. അതിൽ ഒന്ന് ദേവസ്വത്തിന്റെ വിവിധ തസ്തികകളിൽ നിയമനം നടത്തുക എന്നതാണ്. ദേവസ്വം ഭരണാധികാരികളുടേയും, ഭരണപക്ഷത്തെ രാഷ്ട്രീയ നേതാക്കളുടെയും ഇഷ്ടക്കാരെ പിൻവാതിലി

ലൂടെ തിരുകി കയറ്റാൻ ഉള്ള ശ്രമമാണ് ഇതിലൂടെ നടത്തുന്നത്. വിവിധ തസ്തികകളിൽ നിയമനം നടത്തുന്നതിലൂടെ ദേവസ്വത്തിന് അധിക ബാധ്യത വരുത്തുമെന്ന കാര്യത്തിൽ സംശയമില്ല.

ദേവസ്വം ഭൂമി അന്യാധീനപ്പെട്ടത് വീണ്ടെടുക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കാൻ തയ്യാറാകാത്ത ദേവസ്വം ബോർഡ് ദേവസ്വത്തിന്റെ 6000 ത്തിലധികം ഏക്കർ ഭൂമി വീണ്ടും അന്യാധീനപ്പെടുത്താൻ നടപടി സ്വീകരിക്കുകയാണ്. ദേവസ്വം ബോർഡ് മുൻപ് പ്രഖ്യാപിച്ച ദേവാരണ്യം പദ്ധതിയിലൂടെ വൃക്ഷങ്ങളും തെങ്ങുകളും ദേവസ്വം ഭൂമികളിൽ നട്ടുപിടിപ്പിച്ചിരുന്നു. ടി കൃഷികൾ പരിപാലിക്കാനും, സംരക്ഷിക്കാനും മേൽനോട്ടം വഹിക്കാനും ആളില്ലാതെ നാശോന്മുഖമായിരിക്കുമ്പോഴാണ് കോവിഡ് പശ്ചാത്തലത്തിൽ ദേവഹരിതം എന്ന പേരിൽ പുതിയകൃഷിയുമായി ദേവസ്വം രംഗത്ത് വരുന്നത് ദേവസ്വം നടപടി ഉത്തരവ് ROC നമ്പർ 3986/20/M, 29/4/2020 തീരുമാനപ്രകാരം 3 വർഷത്തേക്ക് പാട്ടത്തിന് കൃഷിനടത്താൻ നൽകാനാണ് തീരുമാനം. അതിനായി ദേവസ്വം ഭൂമി പാട്ടത്തിന് നൽകും. സംഘടനകൾ, കുടുംബശ്രീകൾ എന്നിവരെയെല്ലാം പരിഗണിക്കുമ്പോൾ ഭക്തജനകൂട്ടായ്മകൾ, ക്ഷേത്ര ഉപദേശക സമിതികൾ എന്നിവരെ പരിഗണിക്കുന്നതിന് തീരുമാനം പ്രഖ്യാപിച്ചിട്ടില്ല. വിവിധ ഏജൻസികളും, സംഘടനകൾക്കും, കുടുംബശ്രീകൾക്കുമെല്ലാം പാട്ടത്തിന് നൽകുന്നതിലൂടെ ഭൂമി അന്യാധീനപ്പെടാനുള്ള സാഹചര്യം കൂടുതലാണ്. ഇത് ദേവസ്വം ബോർഡ് പരിഗണിക്കുന്നില്ല എന്നതാണ് വിരോധാഭാസം. ദേവസ്വം ഭൂമിയിൽ ക്ഷേത്രാവശ്യത്തിനുള്ള പുഷ്പങ്ങൾ, ഔഷധസസ്യങ്ങൾ, ജന്മനക്ഷത്രമരങ്ങൾ എന്നിവ നട്ടുപിടിപ്പിക്കാൻ തീരുമാനം ഇല്ല. ദേവസ്വം ഭൂമിയിൽ കൃഷിയിറക്കാനുള്ള അവകാശാധികാരത്തിൽ കരാർ വ്യവസ്ഥയിൽ നൽകേണ്ടത് വിശ്വാസികൾക്കും, ക്ഷേത്രങ്ങളോട് കൂറ് പുലർത്തുന്നവർക്കുമാണ്. കൊച്ചിൻ ദേവസ്വം ബോർഡ് മുൻപ് വഴിപാട് കൗണ്ടർ നടത്തിപ്പ് ക്ഷേത്രക്ഷേമ സമിതികൾക്ക് കരാർ വ്യവസ്ഥയിൽ നൽകിയത് മാതൃകയാക്കാവുന്നതാണ്.

ഗുരുതരമായ മറ്റൊരു തീരുമാനവും ദേവസ്വം നടപടി തീരുമാനവും എടുത്തിട്ടുണ്ട്. ദേവസ്വം നടപടി ഉത്തരവ് നമ്പർ ROC 9354/10/M, 30/1/2020 തീരുമാനപ്രകാരം ദേവസ്വം ബോർഡ് കൈക്കൊണ്ടിട്ടുണ്ട്. ക്ഷേത്രങ്ങളിൽ വഴിപാടായി ലഭിക്കുന്ന ഓട്ടുപാത്രങ്ങൾ, നിലവിളക്കുകൾ, മറ്റ് സാധനങ്ങൾ എന്നിവ ലേലം ചെയ്ത് നൽകാനാണ് തീരുമാനം. ദേവസ്വം ഉത്തരവിൽതന്നെ ദേവസ്വം വഴിപാടായി ലഭിക്കുന്ന സാധനങ്ങൾ ലിസ്റ്റ് ചെയ്ത് കണക്കിൽ കൊള്ളിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിൽ വീഴ്ചയുണ്ട് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ടൺ കണക്കിന് ഓട്ടുപാത്രങ്ങളും, നിലവിളക്കുകളും മറ്റ് പാത്രങ്ങളുമെല്ലാം ദേവസ്വം സ്റ്റോറിൽ കൂട്ടിയിട്ടിരിക്കുകയാണ്. ഇതെല്ലാം ഉപയോഗശൂന്യവസ്തുക്കളല്ല. ലോഹനിർമ്മിതമാണ് എന്ന

തിനാൽ ക്ലാവുപിടിച്ച് കറുത്ത് കിടക്കുന്നു എന്ന് മാത്രമേയുള്ളു. ടി സ്റ്റോക്കിൽ അമൂല്യവും, പൗരാണികവും, കാലപഴക്കവും ചരിത്രപരവുമായ മൂല്യങ്ങളും ഉള്ള വസ്തുക്കളും ഉണ്ട്.

ക്ഷേത്രങ്ങളുടെ ഭൗതീകവും, ആദ്ധ്യാത്മികവുമായ പരിപോഷണത്തിനും, ഭക്തജനങ്ങൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനുമാണ് ഇത് വിനിയോഗിക്കേണ്ടത്. ഭക്തർ ഭഗവാന് സമർപ്പിക്കുന്ന സാധന സാമഗ്രികൾ വിറ്റഴിക്കുന്നതിന് ഭക്തരുടെ അനുമതിയും തേടേണ്ടതാണ്. ഭക്തജനങ്ങൾ വിശ്വാസപൂർവ്വം വഴിപാടായും, കാണിക്കയായും സമർപ്പിക്കുന്ന പണങ്ങളിലും, വസ്തുക്കളിലും, ഭക്തജനങ്ങളുടെ വികാര–വിശ്വാസ സങ്കല്പങ്ങളുണ്ട്. അത് ദേവസ്വം അധികാരികൾക്ക് സ്വന്തം ഇഷ്ടത്തിനനുസരിച്ച് വിറ്റഴിക്കാൻ അവകാശമില്ല. കണക്കെടുപ്പ് നടക്കുമ്പോഴും, സാധനങ്ങൾ കണക്കിൽ കൊള്ളിക്കുമ്പോഴും ഭക്തജനപ്രാതിനിധ്യമോ, ഉപദേശകസമിതി ഭാരവാഹികളുടെ സാന്നിധ്യമോ ഉറപ്പ് വരുത്താത്തതിനാൽ കണക്കെടുപ്പിൽ സുതാര്യത ഇല്ലായെന്നതാണ് തെളിയിക്കുന്നത്.

ദേവന് സമർപ്പിക്കുന്ന സാധനങ്ങൾക്ക് വിപണിമൂല്ല്യം മാത്രമല്ല ഉള്ളത്. ടി സാധനങ്ങളുടെ പൗരാണികവും, കാലപ്പഴക്കവും, മൂല്ല്യവും നിശ്ചയിക്കാൻ സാധ്യമല്ല. നൂറ്റാണ്ടുകളുടെ പഴക്കവും, ഇപ്പോൾ ലഭ്യമല്ലാത്ത പുരാവസ്തു രേഖകളും അടങ്ങിയ പ്രാധാന്യമുള്ള പഴയ ലോഹപാത്രങ്ങൾ, വിളക്കുകൾ, ഇതരലോഹവസ്തുക്കൾ എന്നിവ തങ്ങളുടെ ഇഷ്ടക്കാരായ കരാറുകാർക്ക് ആക്രിസാധനങ്ങളുടെ പരിഗണനയിൽ തോന്നിയവിലക്ക് വിറ്റുതുലക്കാൻ അനുവദിക്കണമോ എന്ന ചോദ്യത്തിനാണ് ഹിന്ദു സംഘടനകൾ ഉത്തരം തേടുന്നത്. ക്ഷേത്രസ്വത്തും, ക്ഷേത്രവസ്തുക്കളും വിറ്റുമുടിക്കാൻ തീരുമാനമെടുത്തവർ ഭക്തജനങ്ങളെ ക്ഷേത്രസങ്കേതങ്ങളിൽനിന്ന് അകറ്റിനിർത്താൻ ചില തീരുമാനങ്ങളും എടുത്തുകഴിഞ്ഞു. ക്ഷേത്രങ്ങളിൽ ഭക്തജന പങ്കാളിത്തത്തോടെ നടത്തുന്ന നവാഹം, സപ്താഹം ഇനിമേലിൽ ദേവസ്വം ക്ഷേത്രങ്ങളിൽ നടത്തേണ്ടതില്ല എന്നതാണ് പുതിയ തീരുമാനം.

ദേവസ്വങ്ങൾക്ക് വരുമാനമില്ലെന്നും, വലിയതുക ചിലവ് വരുന്നു എന്നൊക്കെയാണ് പുതിയ കണ്ടെത്തൽ. അന്ധവിശ്വാസികളും, ആചാരവിരുദ്ധരുമായവരെ പോലും ക്ഷേത്രവിശ്വാസികളും ഭക്തരുമാക്കി മാറ്റുന്നതിൽ മുഖ്യപങ്കാണ് നവാഹങ്ങളിലൂടെയും, സപ്താഹങ്ങളിലൂടെയും നിർവ്വഹിക്കപ്പെട്ടത്.

ക്ഷേത്രാഭിവൃദ്ധിയും, ക്ഷേത്രങ്ങളുടെ ഭൗതികാവൃദ്ധിയും ഉണ്ടായത് ഇത്തരം ചടങ്ങുകളിലൂടെയാണ്. അമ്പലമെന്നാൽ അന്ധവിശ്വാസത്തിന്റെ കേന്ദ്രമെന്നും, വിഗ്രഹമെന്നാൽ കല്ലെന്നും പറഞ്ഞ് പ്രചരിപ്പിച്ചതിലൂടെ ക്ഷേത്രത്തിനെതിരായി ഉയർന്നുവന്ന വിരുദ്ധവികാരത്തെ മാറ്റി ഭക്തജനങ്ങളുടെ മനസ്സിൽ ഭക്തിയും വിശ്വാസവും വളർത്താൻ ഇത്തരം പരിപാടികൾക്ക് കഴിഞ്ഞു. സാമൂഹ്യ അന്നദാനത്തിലും, ആചാ

ര്യപ്രഭാഷണവേളകളിലും, സാമൂഹ്യ പൂജകളിലും ഭേദവ്യത്യാസമില്ലാതെ ഭക്തജനങ്ങൾ പങ്കെടുത്തു. ക്ഷേത്രങ്ങൾ ആദ്ധ്യാത്മിക കേന്ദ്രം എന്നതിലുപരിയായി സാമൂഹ്യകേന്ദ്രവും, സേവന കേന്ദ്രവും എന്ന നിലയിലേക്ക് ഉയർന്നു. ഭക്തജന കൂട്ടായ്മകൾ ശക്തിപ്പെട്ടു. ക്ഷേത്രസംസ്കാരവും, കുടുംബ സംസ്കാരവും ജീവിതത്തിൽ പകർത്തിയ ഭക്തജനസമൂഹത്തിൽ വലിയമാറ്റങ്ങളാണ് ഇതിലൂടെ സംഭവിച്ചത്. നറുക്കില നേദ്യം കഴിക്കാൻപോലും കഴിവില്ലാത്ത ക്ഷേത്രങ്ങൾ മഹാക്ഷേത്രങ്ങളായി മാറുന്ന കാഴ്ചകൾ കേരളീയസമൂഹം കണ്ടു. ജീർണ്ണതയിൽ നിന്ന് ക്ഷേത്രസങ്കേതങ്ങൾ സ്വയംപര്യാപ്തതയിലേക്ക് വളർന്നതും ഈ കൂട്ടായ്മകളിലൂടെയാണ്. നവാഹം, സപ്താഹം ചടങ്ങുകൾ നിരോധിക്കുന്നതിലൂടെ ഭക്തജനങ്ങളെ ക്ഷേത്രാന്തരീക്ഷത്തിൽ നിന്ന് അകറ്റിനിർത്താൻ ഉള്ള ഗൂഢമായ ശ്രമമാണോ ദേവസ്വം ബോർഡിന്റേത് എന്ന് ഭക്തജനങ്ങൾ സംശയിച്ചാൽ അതിന് അവരെ കുറ്റം പറയാൻ സാധ്യമല്ല. ക്ഷേത്രാഭിമുഖമായി ഭക്തജനസമൂഹം വളർന്നുവരുന്നതിലുള്ള അസ്വസ്ഥതയാണ് ദേവസ്വം ബോർഡ് പുലർത്തുന്നത്. നിരീശ്വരവാദ സിദ്ധാന്തക്കാരുടെ ആജ്ഞാനുവർത്തികളായി ദേവസ്വം ഭരണാധികാരികൾ മാറുന്നത് നാളെകളിൽ ക്ഷേത്രങ്ങൾക്ക് ഗുണകരമാണോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

ടി സാഹചര്യത്തിൽ ഭക്തജനങ്ങളുടെ നേതൃത്വത്തിൽ ശക്തമായ പ്രക്ഷോഭം ഉയർത്തിക്കൊണ്ടു വരേണ്ടത് അനിവാര്യമാണ്. സംസ്ഥാനത്ത് ലോക്ക് ഡൗൺ നില നിൽക്കുന്ന സാഹചര്യത്തിൽ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പ്രതിഷേധം ഉയർത്തിയേമതിയാകൂ. മെയ് 27 ന് ദേവസ്വം ബോർഡ് ആസ്ഥാനത്തും തിരുവിതാംകൂർ ദേവസ്വം ബോർഡ് അധികാരപരിധിയിലുള്ള അസി.കമ്മീഷണർ ഓഫീസുകൾക്ക് മുൻപിലും ഭക്തജന ധർണ നടത്താൻ തീരുമാനിക്കുകയാണ്. ഭക്തജനങ്ങളെ കോവിഡ് കാലഘട്ടത്തിൽ പ്രതിഷേധവുമായി തെരുവിലിറക്കിയതിന്റെ ഉത്തരവാദിത്തം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ക്ഷേത്രവിരുദ്ധരായ ഭരണാധികാരികൾക്കാണെന്നുള്ള മുന്നറിയിപ്പാണ് ടി പ്രക്ഷോഭത്തിലൂടെ ഹിന്ദുസംഘടനകൾ ഉയർത്തുന്നത്. ഭക്തജനങ്ങളുടെ കടമയാണ് നിയമത്തിൽ മൈനറായ ഈശ്വരന്റെ സ്വത്ത് സംരക്ഷിക്കുക എന്നത്. ആ കടമയാണ് ഹിന്ദുഐക്യവേദി നിർവ്വഹിക്കുന്നത്.

എന്ന്


**ഇ.എസ് ബിജു**

**സംസ്ഥാന ജനറൽ സെക്രട്ടറി**

**ഹിന്ദു ഐക്യവേദി**

**9947444728**